**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 21** **01-02-2023 - ൽ മറുപടിയ്ക്ക്**

**ഇ-ഫയലിംഗ് സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ബാലചന്ദ്രൻ,<br>ശ്രീ. ഇ കെ വിജയൻ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ജനങ്ങൾക്ക് സേവനങ്ങൾ സുതാര്യമായും കാര്യക്ഷമമായും വേഗത്തിലും ലഭ്യമാക്കാൻ കഴിയും വിധം ഭരണനിർവഹണം പരിഷ്കരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഭരണ നിർവഹണം പരിഷ്കരിക്കുന്നതിന്റെ ഭാഗമായി ജനങ്ങൾക്ക് സേവനങ്ങൾ സുതാര്യമായും കാര്യക്ഷമമായും വേഗത്തിലും അഴിമതിരഹിതവുമായി ലഭ്യമാക്കുന്നതിൽ ഇ-ഗവേണൻസിന്റെ പ്രാധാന്യം കണക്കിലെടുത്ത് സംസ്ഥാനത്ത് ഇ-ഗവേണൻസ് സമ്പ്രദായം സാർവത്രികമാക്കാൻ കഴിഞ്ഞിട്ടുണ്ട്. അതിന്റെ ഭാഗമായി കേരള സംസ്ഥാന ഐ.ടി. മിഷൻ (KSITM), സംസ്ഥാനത്തെ 80 വിവിധ വകുപ്പുകളുടെ 884 ഓൺലൈൻ സേവനങ്ങൾ ഇ-സേവനം എന്ന കേന്ദ്രീകൃത സർവീസ് പോർട്ടലിൽ (https://services.kerala.gov.in/) ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഇതോടൊപ്പം തന്നെ എം-സേവനം (m-sevanam) മൊബൈൽ ആപ്ലിക്കേഷനിൽ 80 വകുപ്പുകളുടെ 683 സേവനങ്ങളും ലഭ്യമാണ്. ജനങ്ങൾക്ക് ഓഫീസുകൾ സന്ദർശിക്കാതെ തന്നെ സേവനങ്ങൾ ഉപയോഗപ്പെടുത്തുവാൻ ഇ-സേവനം പോർട്ടൽ, എം-സേവനം മൊബൈൽ ആപ്ലിക്കേഷൻ എന്നിവയിലൂടെ സാധിക്കുന്നു.<br><br>സംസ്ഥാനത്ത് സാർവത്രികമായി ഇന്റർനെറ്റ് ലഭ്യത ഉറപ്പാക്കാനുള്ള പദ്ധതിയായ കെ-ഫോൺ പദ്ധതിയുടെ ഭാഗമായി അതിവേഗ ഇന്റർനെറ്റ് സൗകര്യത്തിനായി ഒപ്റ്റിക്കൽ ഫൈബർ ശൃംഖല സ്ഥാപിക്കുന്ന നടപടികൾ അവസാന ഘട്ടത്തിലാണ്.<br><br>കെ-ഫോൺ പദ്ധതിയിലൂടെ കേരളത്തിലെ ഗ്രാമങ്ങളും നഗരങ്ങളും ബന്ധിപ്പിക്കുന്നതുവഴിയും സാർവത്രിക ഇന്റർനെറ്റ് ലഭ്യതവഴിയും ഇ-കോമേഴ്സ്, ഡിജിറ്റൽ ബാങ്കിംഗ്, ഡിജിറ്റൽ മാർക്കറ്റിംഗ് തുടങ്ങിയ മേഖലകളിൽ പുരോഗതി |

| | | | |
|---|---|---|---|
| | | | കൈവരിക്കാനാകും. സർക്കാർ ഓഫീസുകളിൽ അതിവേഗ ഇന്റർനെറ്റ് കണക്ടിവിറ്റി ഉറപ്പ് വരുത്തുന്നത് വഴി ജനങ്ങൾക്ക് സേവനങ്ങൾ കാര്യക്ഷമമായും വേഗത്തിലും ലഭ്യമാക്കാൻ സാധിക്കും. |
| (ബി) | സംസ്ഥാനത്തെ എല്ലാ സർക്കാർ ഓഫീസുകളിലും സമ്പൂർണമായും സെക്രട്ടേറിയറ്റ് മാതൃകയിൽ ഇ-ഫയലിംഗ് സംവിധാനം അടിയന്തര പ്രാധാന്യത്തോടെ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | സെക്രട്ടേറിയറ്റിലെ മുഴുവൻ വകുപ്പുകൾ, കളക്ടറേറ്റുകൾ, സബ് കളക്ടറേറ്റുകൾ, താലൂക്ക് ഓഫീസുകൾ, 140 സർക്കാർ / അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, 869 വില്ലേജ് ഓഫീസുകൾ എന്നിവിടങ്ങളിൽ ഇ-ഫയൽ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങൾ, ബോർഡുകൾ, കോർപ്പറേഷനുകൾ എന്നിവിടങ്ങളിൽ നിന്നും അപേക്ഷ ലഭിയ്ക്കുന്ന മുറക്ക് ഇ-ഫയൽ സംവിധാനം നടപ്പിലാക്കി വരുന്നു. |
| (സി) | ഇ-ഫയലിംഗ് സംവിധാനം നടപ്പാക്കുന്നതിന്റെ ഭാഗമായി എല്ലാ സർക്കാർ ഓഫീസുകൾക്കും ഏകീകൃത സോഫ്റ്റ്‌വെയറും പഞ്ചിംഗും ഏർപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ (എൻ.ഐ.സി) വികസിപ്പിച്ച ഇ-ഓഫീസ് സംവിധാനമാണ് വകുപ്പുകളിൽ നടപ്പിലാക്കി വരുന്നത്.<br><br>സിവിൽ സർവ്വീസ് കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ഗവ.സെക്രട്ടേറിയറ്റിൽ 2018 മുതൽ സ്പാർക്ക് ബന്ധിത ബയോമെട്രിക്ക് പഞ്ചിംഗ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ മറ്റ് എല്ലാ സർക്കാർ ഓഫീസുകളിലും ബയോമെട്രിക്ക് പഞ്ചിംഗ് സംവിധാനം നടപ്പിൽ വരുത്തുന്നതിനുള്ള ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം കളക്ടറേറ്റുകളിലും ഡയറക്ടറേറ്റുകളിലും / വകുപ്പ് മേധാവികളുടെ ഓഫീസുകളിലും 2023 ജനുവരി ഒന്നിന് മുമ്പായി ബയോമെട്രിക് പഞ്ചിംഗ് സംവിധാനം നടപ്പാക്കി ഹാജർ സ്പാർക്കുമായി ബന്ധപ്പെടുത്തുവാനും മറ്റ് എല്ലാ ഓഫീസുകളിലും മാർച്ച് 31-ന് മുമ്പായി ടി സംവിധാനം നടപ്പിലാക്കാനുമാണ് നിർദ്ദേശം നൽകിയിട്ടുള്ളത്. |
| (ഡി) | ഫയൽ നീക്കമറിയാൻ പൊതുജനങ്ങൾക്ക് കൂടുതൽ അവസരമൊരുക്കുവാനും പൊതുജനങ്ങളുടെ പ്രശ്നപരിഹാരം പൂർണ്ണമായി ഓൺലൈനാക്കാനും ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (ഡി) | പൊതുജനങ്ങൾക്ക് ഫയൽനീക്കം സംബന്ധിച്ച വിവരം ലഭ്യമാക്കുന്നതിനായി ഇ-ഓഫീസ് സിറ്റിസൺ പോർട്ടൽ (https://eoffice.kerala.gov.in) നിലവിലുണ്ട്. സിറ്റിസൺ പോർട്ടലിലെ ഫയൽ / തപാൽ തിരയൽ സംവിധാനം വഴി തപാൽ നമ്പരോ, ഫയൽ നമ്പരോ, വിഷയമോ, പ്രേഷിതന്റെ വിവരങ്ങളോ നൽകിയാൽ ഏത് ഉദ്യാഗസ്ഥന്റെ അടുത്താണ് നിലവിൽ ഫയലുള്ളതെന്നുമുള്ള വിവരങ്ങൾ അറിയാൻ സാധിക്കും.<br><br>പൊതുജനങ്ങളുടെ പരാതികൾ പരിഹരിക്കുന്നതിനായി "മുഖ്യമന്ത്രിയുടെ പൊതുജന |

| | | | |
|---|---|---|---|
| | | | പരാതി പരിഹാര സംവിധാനം" ഏർപ്പെടുത്തിയിട്ടുണ്ട്. https://cmo.kerala.gov.in/ എന്ന പോർട്ടലിലൂടെ പൊതുജനങ്ങൾക്ക് ഓൺലൈനായി പരാതികൾ സമർപ്പിക്കുവാൻ കഴിയും. മാത്രമല്ല പരാതിയെ സംബന്ധിച്ച സ്ഥിതിയും പ്രസ്തുത പോർട്ടലിലൂടെ അറിയാൻ സാധിക്കും. |

സെക്ഷൻ ഓഫീസർ